**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഇറച്ചി ഉത്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനാവശ്യമായ ഇറച്ചി കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ മാംസത്തിന്റെ ഉപഭോഗത്തിനനുസരിച്ച് ഉരുക്കൾ ലഭ്യമല്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കുള്ള ഉരുക്കളെ കൊണ്ടുവരികയാണ് ചെയ്യുന്നത്. പാലുത്പാദനത്തിൽ കൂടുതൽ ശ്രദ്ധ നല്കിയിരുന്നതുമൂലം മൂരിക്കുട്ടികളെ സംരക്ഷിച്ച് വളർത്തിയിരുന്നില്ല. ഇറച്ചിക്കുള്ള മൃഗങ്ങളെ വളർത്തുന്നതിന് സ്ഥലലഭ്യതക്കുറവും കേരളത്തിൽ ഒരു പ്രതികൂല ഘടകമാണ്. ആയത് ഒരു പരിധി വരെ പരിഹരിക്കുന്നതിന് പോത്തുകുട്ടി വളർത്തൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രതിശീർഷ മാംസോത്പാദനം 468880 ടൺ ആയി വർദ്ധിച്ചു. ഇറച്ചിയുടെ പ്രതിശീർഷ ലഭ്യത 34 ഗ്രാം എന്ന രീതിയിൽ ഉയർത്തിക്കൊണ്ടു വരാൻ മൃഗസംരക്ഷണ വകുപ്പിന് സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ബ്രോയിലർഫാമുകൾ നിലവിലില്ല. ഇതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയ്ക്കാണ് കെപ്കോ, എം.പി.ഐ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, മൃഗസംരക്ഷണ വകുപ്പ് എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ട് ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനും വേണ്ടി കേരള സർക്കാർ കേരള ചിക്കൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | ഇക്കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ബി) | മാംസോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിലേക്കായി മൃഗസംരക്ഷണവകുപ്പ് പോത്തുകുട്ടി വളർത്തൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ പന്നി വളർത്തൽ, ആടുവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മാംസാവശ്യത്തിനായി വളർത്തുന്ന 1 മൂരിക്കുട്ടി അടങ്ങുന്ന ഒരു യൂണിറ്റിന് 10000/- രൂപ ധനസഹായം, 10 പന്നികുഞ്ഞുങ്ങളുടെ യൂണിറ്റിന് 50000/- രൂപയുടെ ധനസഹായം, 5 |

പെണ്ണാടിനെയും 1 മുട്ടനാടിനെയും വാങ്ങുന്നതിന് 25000/-രൂപയുടെ ധനസഹായം എന്നിങ്ങനെ വിവിധയിനം പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിനെ നോഡൽ ഏജൻസിയാക്കിക്കൊണ്ട് കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ട് ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനും വേണ്ടി കേരള സർക്കാർ കേരള ചിക്കൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു, പ്രസ്തുത പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി, കുടപ്പനക്കുന്ന്, മടികൈ എന്നിവിടങ്ങളിൽ ബ്രീഡർ ഫാമുകൾ, കോട്ടുകാൽ, ഇടയാർ, കാസർഗോഡ്, വയനാട്, മലപ്പുറം എന്നിവിടങ്ങളിൽ റെൻഡറിംഗ് പ്ലാന്റുകൾ, കോട്ടുകാൽ, ഇടയാർ എന്നിവിടങ്ങളിൽ പ്രോസസിംഗ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചുവരുന്നു. 2500 ചെറുകിട ബ്രോയിലർ ഫാമുകളെ കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികൾ വഴി തെരഞ്ഞെടുത്ത് 50000/- രൂപ വരെ ധനസഹായം നൽകുകയും കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നിവരുടെ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ അംഗങ്ങളായ കർഷകർക്ക് നൽകി അവരിൽ നിന്നും കോഴിക്കുഞ്ഞുങ്ങൾ 38 ദിവസം പ്രായമാകുമ്പോൾ നല്ല വിലയ്ക്ക് സമാഹരിച്ച് ഏജൻസികളുടെ പ്രോസസിംഗ് പ്ലാന്റുകളിൽ പ്രോസസ് ചെയ്ത് മൃഗസംരക്ഷണ വകുപ്പിന്റെ ലാബിൽ പരിശോധിച്ച് ആന്റിബയോട്ടിക്കുകളോ മറ്റ് ഹാനികരമായ രാസപദാർത്ഥങ്ങളോ ഇല്ല എന്ന ഗുണനിലവാരം ഉറപ്പുവരുത്തി കോഴിഇറച്ചിയായും മൂല്യവർദ്ധിത കോഴിഇറച്ചി ഉത്പന്നങ്ങളായും വിപണന കേന്ദ്രങ്ങൾ വഴി വിപണിയിൽ എത്തിക്കുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്ന കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികൾ വഴി നിലവിൽ 2500 ബ്രോയിലർ ഫാമുകളും, 340 വിപണന കേന്ദ്രങ്ങളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമാകുന്നുണ്ട്. ഭാവിയിൽ കൂടുതൽ ഫാമുകളും വിപണന കേന്ദ്രങ്ങളും വരുന്നതു വഴി കേരള ചിക്കൻ പദ്ധതി എല്ലാ പ്രദേശങ്ങളിലും വ്യാപിക്കുന്നതാണ്. തിരുവനന്തപുരം കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന മേൽത്തരം

| | | | |
|---|---|---|---|
| | | | ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ